## ദുഃഖത്തിന്റെ ദൈവരഹസ്യങ്ങൾ

(ചൊവ്വാ, വെള്ളി ദിവസങ്ങളിലും, വലിയ ആഴ്ചയിലെ എല്ലാ ദിവസങ്ങളിലും ചൊല്ലേണ്ടവ.)

### ദുഃഖത്തിന്റെ ഒന്നാം ദൈവരഹസ്യം

*ഈശോ ഗത്സമേൻ തോട്ടത്തിൽ. (ലൂക്കാ 2: 41-44)*

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരൻ പൂങ്കാവനത്തിൽവച്ച നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ മനക്ലേശത്താൽ രക്തം വിയർത്തു എന്നതിന്മേൽ ധ്യാനിക്കുന്ന ഞങ്ങളുടെ പാപങ്ങളിന്മേൽ മനഃസ്തപിച്ച പാപശാന്തി ലഭിക്കുവാൻ കൃപചെയ്യണമേ.

1 സ്വർഗ്ഗ. 10 നന്മ നിറഞ്ഞ. 1 ത്രിത്വസ്തുതി.

*(ഫാത്തിമാജപം):* **ഓ എന്റെ ഈശോയേ, ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ, നരകാഗ്നിയിൽ നിന്ന് ഞങ്ങളെ രക്ഷിക്കേണമേ, എല്ലാ ആത്മാക്കളെയും, പ്രത്യേകിച്ച് അങ്ങേ സഹായം ഏറ്റം കൂടുതൽ ആവശ്യമുള്ളവരെയും സ്വർഗ്ഗത്തിലേയ്ക്ക് ആനയിക്കേണമേ.**

**പരിശുദ്ധ ജപമാലയുടെ രാജ്ഞി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.**

### ദുഃഖത്തിന്റെ രണ്ടാം ദൈവരഹസ്യം

*ഈശോയെ ചമ്മട്ടികൊണ്ട് അടിക്കുന്നു. (മത്തായി 27: 20-26)*

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരൻ കൽത്തൂണിൽ കെട്ടപ്പെട്ടു ചമ്മട്ടികളാൽ അടിയ്ക്കപ്പെട്ടു എന്നതിന്മേൽ ധ്യാനിയ്ക്കുന്ന ഞങ്ങളുടെ പാപങ്ങളാൽ ഉണ്ടാവുന്ന കഠിനശിക്ഷകളിൽ നിന്നും മനഃസ്താപത്താലും നല്ല വ്യാപാരത്താലും ഒഴിഞ്ഞുമാറുവാൻ കൃപചെയ്യണമേ.

1 സ്വർഗ്ഗ. 10 നന്മ നിറഞ്ഞ. 1 ത്രിത്വസ്തുതി.

ഓ എന്റെ ഈശോയേ ...

### ദുഃഖത്തിന്റെ മൂന്നാം ദൈവരഹസ്യം

*ഈശോയെ മുൾമുടി ധരിപ്പിക്കുന്നു. (മത്തായി 27: 27-31)*

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരന്റെ തിരുശിരസ്സിൽ മുൾമുടി ധരിപ്പിച്ച പരിഹാസരാജാവായിട്ട് തന്നെ സ്ഥാപിച്ചതിൻമേൽ ധ്യാനിയ്ക്കുന്ന ഞങ്ങളുടെ ഹൃദയത്തിലുള്ള പാപമുള്ളുകളെ മനഃസ്താപത്താൽ പിഴുതുകളയുവാൻ കൃപചെയ്യണമേ.

1 സ്വർഗ്ഗ. 10 നന്മ നിറഞ്ഞ. 1 ത്രിത്വസ്തുതി.

